| | | | |
|---|---|---|---|
| | | | തിരിക്കപ്പെട്ടിട്ടുള്ള അമിതചൂഷിത, അതീവ ഗുരുതര ബ്ലോക്കുകളിലെ പ്രദേശങ്ങളിലെ ഭൂജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകികൊണ്ട് കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ ഭൂജല – വിനിയോഗം, പരിപാലനം എന്നിവ ലക്ഷ്യമാക്കികൊണ്ടുള്ള ബോധവൽക്കരണ പരിപാടികൾവിവിധ ജില്ലകളിൽ നടപ്പിലാക്കി വരുന്നുനാഷണൽ ഹൈഡ്രോളജി പ്രൊജക്ടിന്റെ ഭാഗമായി ജലവിതാന നിരീക്ഷണ വിശകലന പഠനങ്ങൾ നടത്തുകയും സമഗ്രമായ ഭൂജല വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള വാട്ടർ ബജറ്റിംഗ് സിസ്റ്റം നടപ്പിലാക്കുവാനും ലക്ഷ്യമിടുന്നു. |
| (ബി) | ജല ഉപയോഗം കുറയ്ക്കുന്നതിനായി സ്പ്രിംഗ്ലർ ജലസേചനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ; | (ബ) | സ്പ്രിംഗ്ലർ, ഡ്രിപ്പ് തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതു വഴി ജല ഉപയോഗകാര്യക്ഷമത 85-90 ശതമാനം വരെ വർദ്ധിപ്പിക്കാൻ സാധിക്കും എന്നതി ലുപരി ഉത്പാദനവർദ്ധനവും നേടാൻ സാധിക്കും. ഇക്കാര്യങ്ങൾ പരിഗണിച്ച് ഡ്രിപ്പ് ഇറിഗേഷൻ പോലെയുള്ള വിവിധപദ്ധതികൾ നടപ്പിലാക്കുന്നതിന് ല ക്ഷ്യമിട്ടിട്ടുണ്ട്.<br><br>ജലഉപഭോഗം പരമാവധി കുറയ്ക്കുന്നതിന്റെ ഭാഗമായി സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറായ നീർത്തട മാസ്റ്റർ പ്ലാനുകളിൽ സൂക്ഷ്മ ജലസേചനം വഴി ജലഉപഭോഗം കുറയ്ക്കുന്നതിന് വേണ്ടി പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ജല ലഭ്യത, ഉപയോഗം, ഭാവിയിലെ ആവശ്യകത എന്നിവ ഉൾപ്പെടുത്തി ജല ബജറ്റ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | ഉണ്ട്.ജലവിഭവ മാനേജ്മെന്റിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ് വാട്ടർ ബജറ്റിംഗ്. സുസ്ഥിര ജലവിഭവ ലഭ്യത, പരിസ്ഥിതി സംരക്ഷണം, പൊതുജലസുരക്ഷ, ജല ഉപയോഗകാര്യക്ഷമത വർദ്ധിപ്പിക്കൽ തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ജല ബജറ്റിംഗ് സഹായകരമാണ്. ജല ബജറ്റിന് രണ്ടു ഘടകങ്ങളാണുള്ളത്. (i) നിക്ഷേപം (input) (ii) ഉത്പന്നം (output). ഇതിൽ മഴവെള്ളം, ജലസേചനം, ഭൂജലം എന്നിവ നിക്ഷേപവും ബാഷ്പീകരണം (സസ്യങ്ങൾ മുഖേനയും മണ്ണിൽ നിന്നും), ഉപരിതല |

